പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3009        15/02/2013 ൽ മറുപടിയ്ക്ക്

## റവന്യൂ ടവറുകളിൽ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സിവിൽ സ്റ്റേഷനുകളിലും റവന്യൂ ടവറുകളിലും വിവിധ ഓഫീസുകൾക്ക് പ്രവർത്തിക്കുവാൻ സ്ഥലമനുവദിക്കുന്നത് ആരാണ്; വ്യക്തമാക്കാമോ ; | (എ) ജില്ലാകളക്ടർ അദ്ധ്യക്ഷനായ എസ്റ്റേറ്റ് കമ്മിറ്റി കൂടിയാണ് ഓഫീസുകൾക്ക് സ്ഥലമനുവദിക്കുന്നത് |
| (ബി) പ്രസ്തുത നടപടിക്ക് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ? | (ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ,പൊതുജനങ്ങളുടെ സൗകര്യം, ജീവനക്കാരുടെ എണ്ണം, ഓഫീസിന്റെ പ്രവർത്തന സവിശേഷത അപേക്ഷകളുടെ മുൻഗണനാക്രമം എന്നിവ കൂടാതെ അടിയന്തിര പ്രധാന്യം ഉണ്ടെന്ന് ജില്ലാകളക്ടർക്ക് ബോധ്യപ്പെടുന്ന സർക്കാർ/ ജുഡീഷ്യൽ ഓഫീസുകൾ എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ച് എസ്റ്റേറ്റ് കമ്മിറ്റി കൂടി ചർച്ച ചെയ്താണ് ഓഫീസുകൾക്ക് സ്ഥലമനുവദിക്കുന്നത് |

സെക്ഷൻ ഓഫീസർ